# നാഥനെ അറിയുക, അറിയിക്കുക

## മായിൻകുട്ടി സുല്ലമി

പ്രപഞ്ചനാഥൻ ഏകനാണ്. അവന് തുല്യമായി യാതൊന്നും ഇല്ല. എല്ലാം അവന്റെ സൃഷ്ടികളാണ്. അവൻ ആരെയും ആശ്രയിക്കുന്നില്ല. എല്ലാം അവനെ ആശ്രയിക്കുന്നു. അവന് മാതാപിതാക്കളോ, പുത്രകളത്രാദികളോ മറ്റു കൂട്ടികാരോ ഇല്ല. സൃഷ്ടികൾക്കെല്ലാം അവസാനമുണ്ട്. അവൻ ആദ്യനും എന്നെന്നും ഉള്ളവരുനുമായിരിക്കും. എല്ലാം അറിയും, എല്ലാറ്റിനും കഴിയും, അറിവിന്റെയും അദൃശ്യത്തിന്റെയും അധിപൻ. കരുണാവാരിധി, സൃഷ്ടി, സ്ഥിതി, സംഹാരം അവന്റെ കയ്യിലാണ്. ഏകാധിപതിയും, സർവാധിപതിയും, ഉയർത്തുന്നവും താഴ്ത്തുന്നവും അവനാണ്. അത്യുന്നതനും പ്രതാപശാലിയും സമ്പൂർണ്ണനും ജീവിപ്പിക്കുന്നവും മരിപ്പിക്കുന്നവനുമായ സർവാധാകാരി. സദാ ജാഗ്രതയുള്ളവും ലോകനിയന്താവും സർവാധിനാഥനും, എല്ലാ നന്മകളുടേയും ഉടമയും അവൻ തന്നെ. കൊടുക്കുന്നവനും തടുക്കുന്നവനും അവനാണ്. അവനെ ആരും ഭരിക്കില്ല. എല്ലാവരേയും അവൻ ഭരിക്കും. ക്ഷീണവും ഉറക്കവും മയക്കവും രോഗവും ബാധിക്കാത്തവൻ. എല്ലാ അർത്ഥ ത്തിലും അവൻ ഏകനാണ്. നാഥനെക്കുറിച്ച് പരിശുദ്ധ ഖുർആൻ നൽകുന്ന വിവരങ്ങളാണിതെല്ലാം.

മർത്യകുലത്തിന് സകല സൗകര്യങ്ങളും ഒരുക്കിയവൻ അല്ലാഹുവാണ്. ആരാധനയുടെ അവകാശി അവൻ മാത്രമാണ്. ആരാധനയുടെ മർമ്മം പ്രാർത്ഥനയാണ്. മേൽഗുണങ്ങൾ എല്ലാമുള്ള പടച്ച തമ്പുരാൻ - അവനാണ് വലിയവൻ. അവൻ മാത്രമാണ് ആരാധ്യൻ. അഖില പ്രവാചകന്മാരും ഈ യാഥാർത്ഥ്യം തങ്ങളുടെ ജനങ്ങളെ പഠിപ്പിച്ചിട്ടുണ്ട്. എല്ലാവരും അറിയുന്ന, എല്ലാവരേയും അറിയുന്ന പ്രപഞ്ചനാഥൻ. വല്ലപ്പോഴും ജനച്ചവരെ ആരാധിക്കുന്നത് അർത്ഥശൂന്യമാണ്. അതുപോലെ മരണമടയു ന്നവരെ പൂജിക്കുന്നതും ബുദ്ധിയല്ല. ഏതെങ്കിലും തരത്തിലുംള്ള വിഭാഗീതയും സങ്കുചിതത്വവും കാല, ദേശ, ഭാഷാ, വർഗ പ്രശ്നങ്ങളുമില്ലാത്തവനാണവൻ. മൂസയും ഹാറൂനും (അ) ഫിർഔനുമായി മുഖാമുഖം നടത്തിയ സന്ദർഭം ഖുർആൻ പ്രസ്താവിക്കുന്നത് കാണുക.

'അവൻ (ഫിർഔൻ) ചോദിച്ചു : ഹേ, മൂസാ അപ്പോൾ ആരാണ് നിങ്ങൾ രണ്ടുപേരുടേയും രക്ഷിതാവ്? (20/49)

''അദ്ദേഹം (മൂസ) പറഞ്ഞു : ഓരോ വസ്തുവും അതിന്റെ പ്രകൃതം നൽകുകയും എന്നിട്ട് (അതിന്) വഴികാണിക്കുകയും ചെയ്തവനാരോ, അവനത്രേ ഞങ്ങളുടെ രക്ഷിതാവ്'' (20/50)

''അപ്പോൾ തലമുറകളുടെ അവസ്ഥ എന്താണ്?'' (20/51)

''അദ്ദേഹം പറഞ്ഞു : അവരെ സംബന്ധിച്ചുള്ള അറിവ് എന്റെ രക്ഷിതാവിങ്കൽ ഒരു രേഖയിലുണട്. എന്റെ രക്ഷിതാവ് പിഴച്ച് പോവുകയില്ല. അവൻ മറന്ന് പോവുകയുമില്ല'' (20/52)

പരമാണു മുതൽ പരമപ്രപഞ്ചംവരെ എല്ലാം അല്ലാഹുവിന്റെ സൃഷ്ടികളാണ്. അവന്റെ നിയന്ത്രണ ത്തിലുമാണ്. യാതൊരു അവ്യക്തതയും അവനില്ല. പുതുതായി പ്രമോഷൻ കിട്ടി ഉത്തരവാദിത്വത്തിൽ വന്നവനല്ലല്ലോ അവൻ. മുമ്പേ അവനിലാണ് എല്ലാം. അവന്റേതല്ലാത്തതായി ഒന്നും ഇല്ല. റബ്ബുൽ ആലമീൻ - ലോക രക്ഷിതാവ് എന്നാണ് അവൻ പരിചയപ്പെടുന്നത്. മൂസാ നബി (അ) തന്നെ പറയുന്നു :

''മൂസാ പറഞ്ഞു: ഫിർഔനേ, തീർച്ചയായും ഞാൻ ലോക രക്ഷിതാവിൽ നിന്നുള്ള ദൂതനാകുന്നു'' (7/104)

മൂസാ നബിയിൽ വിശ്വസിച്ചവർ പ്രഖ്യാപിക്കുന്നു. ''അവർ പറഞ്ഞു : ലോകരക്ഷിതാവിൽ, മൂസയു ടേയും ഹാറൂണിന്റേയും രക്ഷിതാവിൽ ഞങ്ങളിതാ വിശ്വസിച്ചിരിക്കുന്നു'' (7/121-122)

ഫിർഔൻ ചോദിക്കുന്നു: എന്താണ് ഈ ലോക രക്ഷിതാവ് എന്ന് പറയുന്നത് (26/23) അപ്പോൾ മൂസാ(അ) ഉത്തരം നൽകി. ''അദ്ദേഹം (മൂസ) പറഞ്ഞു: ആകാശങ്ങളുടേയും ഭൂമിയുടേയും അവയ്ക്കിടയിലുള്ളതിന്റേയും രക്ഷിതാവാകുന്നു. നിങ്ങൾ ദൃഢവിശ്വാസമുള്ളവരാണെങ്കിൽ (26/24)

അവൻ (ഫിർഔൻ) തന്റെ ചുറ്റുമുള്ളവരോട് പറഞ്ഞു: എന്താ നിങ്ങൾ ശ്രദ്ധിച്ച് കേൾക്കുന്നില്ലേ? (26/25)

അദ്ദേഹം (മൂസ) പറഞ്ഞു: നിങ്ങളുടെ രക്ഷിതാവും നിങ്ങളുടെ പൂർവ്വ പിതാക്കളുടെ രക്ഷിതാവുമത്രെ അവൻ'' (26/26)

അവൻ (ഫിർഔൻ) പറഞ്ഞു: നിങ്ങളുടെ അടുത്തേക്ക് നിയോഗിക്കപെട്ട നിങ്ങളുടെ ഈ ദൂതനു ണ്ടല്ലോ, തീർച്ചയായും അവൻ ഒരു ഭ്രാന്തൻ തന്നെയാണ് (26/27)

അദ്ദേഹം (മൂസ) പറഞ്ഞു: ഉദയസ്ഥാനത്തിന്റേയും അസ്തമനത്തിന്റെയും അവക്കിടയിലുള്ളതി ന്റേയും രക്ഷിതാവത്രേ (അവൻ) നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നവരാണെങ്കിൽ (26/28)

ആൾ ദൈവങ്ങളുടേയും പ്രത്യേക കാല-ദേശ ഭാഷാ വർഗ ദൈവവാദികളുടേയും അധ്യായം അടഞ്ഞതാണ്. മറുപടി പറഞ്ഞ മൂസ (അ) യുടെ മുന്നിൽ പരാജയപ്പെട്ട ഫിർഔൻ പറഞ്ഞു:

അവൻ (ഫിർഔൻ) പറഞ്ഞു: ഞാനല്ലാതെ വല്ല ദൈവത്തേയും നീ സ്വീകരിക്കുയാണെങ്കിൽ തീർച്ചയായും ഞാൻ നിന്നെ തടവുകാരുടെ കൂട്ടത്തിലാക്കുന്നതാണ്'' (26/29) അനന്തരം ഭീഷണയും, വംശഹത്യുമൊക്കെയാണ് നടന്നത്. മൂസാ നബിയും ജനതയും ഗത്യന്തരമില്ലാതെ നാടുവിടുന്നു. അത്ഭുതകരമായി അല്ലാഹുവിന്റെ സഹായത്തോടെ അവർ കടൽമുറിച്ചു കടന്നു രക്ഷപ്പെട്ടു. പിന്നാലെ വന്ന ഫിർഔനും കൂട്ടരും മുങ്ങിനശിച്ചു. അങ്ങനെ ഒരു ആൾ ദൈവത്തിന്റെ കഥ കഴിഞ്ഞു. സംഭവം പരിശുദ്ധ മുഹർറത്തിലായിരുന്നുവെന്ന് ഹദീസുകളിൽ കാണാം.

അസംഖ്യം ലോകങ്ങൾ. വൈരുദ്ധ്യവും വൈവിധ്യവും, വൈജാത്യവും നിറഞ്ഞു നിൽക്കുന്നവ. മനുഷ്യർ, ജിന്നുകൾ, മലക്കുകൾ, പറവകൾ, നാൽക്കാലികൾ, ഇഴജന്തുക്കൾ, അങ്ങനെ എന്തെല്ലാം... ഏതെല്ലാം.. എല്ലാം അറിയുന്നവർ അല്ലാഹു മാത്രം. അവൻ പറയുന്നു:

''തീർച്ചയായും, നിങ്ങളുടെ രക്ഷിതാവ് ആറു ദിവസങ്ങളിലായി ആകശങ്ങളും ഭൂമിയുടെ സൃഷ്ടിച്ച വനായ അല്ലാഹുവാകുന്നു. എന്നിട്ടവൻ സിംഹാസനസ്ഥനായിരിക്കുന്നു. രാത്രിയെക്കൊണ്ട് അത് പകലിനെ മൂടുന്നു. ദ്രുതഗതിയിൽ അത് പകലിനെത്തേടിച്ചെല്ലുന്നു. സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളേയും തന്റെ കല്പനക്ക് വിധേയമാക്കപ്പെട്ട നിലയിൽ (അവൻ സൃഷ്ടിച്ചിരിക്കുന്നു) അറിയുക, സൃഷ്ടിപ്പും ശാസനാധികാരവും അവനുതന്നെയാണ്. ലോകരക്ഷിതാവായ അല്ലാഹു മഹത്വപൂർണനായിരിക്കുന്നു (7/54)

ഒരു അഭിമുഖത്തിൽ ഇബ്രാഹിം നബി (അ) നംറൂദിനെ വെല്ലുവിളിച്ചു. പ്രപഞ്ചഘടനയിൽ സൂര്യനെ നിനക്ക് ദിശമാറ്റി ഉദിപ്പിക്കുവാൻ സാധിക്കുമോ? ''ഇബ്രാഹിം പറഞ്ഞു: എന്നാൽ അല്ലാഹു സൂര്യനെ കിഴക്ക് നിന്ന് കൊണ്ടുവരുന്നു. നീ അതിനെ പടിഞ്ഞാറ് നിന്നുകൊണ്ടുവരിക, അപ്പോൾ ആ സത്യനിഷേധിക്ക് ഉത്തരം മുട്ടിപ്പോയി'' (2/258). പുതിയ പ്രപഞ്ചഘടനക്ക് ആവശ്യപ്പെട്ടിട്ടില്ല. നിലവിലു ള്ളതിൽ സൂര്യോദയത്തിന് ഒരു ദിശമാറ്റം മാത്രം ആവശ്യപ്പെട്ടു. പക്ഷേ രാജാവിന് അത് കഴിഞ്ഞില്ല. ഇബ്രാഹിം നബി (അ) പറഞ്ഞു : സർവ ലോകരക്ഷിതാവിന് ഞാനിതാ കീഴ്പ്പെട്ടിരിക്കുന്നു'' (2/131)

ലോകരക്ഷിതാവിനെ വിട്ടു പടപ്പുകളെ പൂജിക്കുന്ന വഴികേട് സമാനതയില്ലാത്ത നന്ദികേടും പാപവും അതിക്രമവുമാണ്.

''അല്ലാഹുവാകുന്നു നിങ്ങൾക്ക് വേണ്ടി ഭൂമിയെ വാസസ്ഥലവും ആകാശത്തെ മേൽപുരയും ആക്കിയവൻ. അവൻ നിങ്ങളെ രൂപപ്പെടുത്തുകയും ചെയ്തു. അങ്ങനെ നിങ്ങളുടെ രൂപങ്ങൾ മികച്ചതാക്കി. വിശിഷ്ട വ്സ്തുക്കളിൽ നിന്നു അവൻ നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്തു. അവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവനാകുന്നു ജീവിച്ചിരിക്കുന്നവൻ. അവനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ കീഴ്വണക്കം അവന് നിഷ്കളങ്കമാക്കിക്കൊണ്ട് നിങ്ങൾ അവനോട് പ്രാർത്ഥിക്കുക. ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹുവിന് സ്തുതി'' (40/64-65). മരിച്ചവരും മരിക്കുന്നവരും പ്രാർത്ഥിക്കെപ്പെടാൻ പറ്റില്ല.

പുണ്യാത്മാക്കളായ ഗുഹാവാസികൾ പ്രഖ്യാപിച്ച് കാര്യം വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു. സൃഷ്ടാവിനോട് നന്ദിയുള്ളവർക്ക് അതിൽ മാതൃകയുണ്ട്.

''ഞങ്ങളുടെ രക്ഷിതാവ് ആകാശഭൂമികളുടെ രക്ഷിതാവാകുന്നു. അവന്നു പുറമെ യാതൊരു ദൈവത്തോടും ഞങ്ങൾ പ്രാർത്ഥിക്കുകയില്ല. എങ്കിൽ (അങ്ങനെ ഞങ്ങൾ ചെയ്യുന്നപക്ഷം) തീർച്ചയായും ഞങ്ങൾ അന്യായമായ വാക്ക് പറഞ്ഞവരായിപ്പോകും എന്ന് അവർ എഴുന്നേറ്റ് നിന്ന് പ്രഖ്യാപിച്ച സന്ദർഭത്തിൽ അവരുടെ ഹൃദയങ്ങൾക്ക് നാം കെട്ടുറപ്പു നൽകുകയും ചെയ്തു'' (18/14)

മനുഷ്യരിൽ അധികവും ദൈവവിശ്വാസികളാണ്. ഇന്നെയുടെ ചരിത്രം അങ്ങനെത്തന്നെയാണ്. നാളെയും അങ്ങനയായിരിക്കും. പക്ഷേ,

''അവരിൽ അധികപേരും അല്ലാഹുവിൽ വിശ്വസിക്കുന്നത് അവനോട് (മറ്റുള്ളവരെ) പങ്ക് ചേർക്കുന്ന വരായിക്കൊണ്ട് മാത്രമാണ്'' (12/106)

അല്ലാഹുവിൽ വിശ്വസിച്ചതുകൊണ്ട് മാത്രമായില്ല. അവനെ മാത്രമേ ആരാധിക്കുവാൻ പാടുള്ളു. ആരാധനകളുടെ എല്ലാ വകുപ്പും അല്ലാഹുവിന് മാത്രമാവണം. ഇവിടെയാണ് അധികമാളുകളും വേർപിരിയുന്നത്. അവർ പുണ്യാത്മാക്കളാണെന്ന് കരുതുന്നവർ അല്ലാഹുവിനോട് ശുപാർശ ചെയ്യുമെന്നും അവർ തങ്ങളെ അല്ലാഹുവിലേക്ക് അടുപ്പിക്കുമെന്നും പ്രതീക്ഷിക്കുന്നു. തെളിവോ? കാക്ക കാരണവന്മാരുടെ ചെയ്തികളും. ഈ മൂന്ന് പ്രവണതകളെയും വിശുദ്ധ ഖുർആൻ നിശിതമായി വിമർശിക്കുന്നുണ്ട്. ബുദ്ധിയുള്ളവർക്ക് സൂചനമതി.

അല്ലാഹു ചോദിച്ചുകൊണ്ട് മനുഷ്യഹൃദയങ്ങളെ തട്ടി ഉണർത്തുന്നു.

''അല്ലാഹുവിന് പുറമെ, ഉയിർത്തെഴുന്നേൽപ്പിന്റെ നാളുവരേയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ച് പ്രാർത്ഥിക്കുന്നവരെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പറ്റി

ബോധമില്ലാത്തവരാകുന്നു. മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെട്ട സന്ദർഭത്തിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കുകയും ചെയ്യും. ഇവർ അവരെ ആരാധിച്ചിരിക്കുന്നതിനെ അവർ നിഷേധിക്കുന്നവരായിത്തീരുകയും ചെയ്യും'' (46/5-6). ഈ ആയത്തുകൾ മൂന്ന് കാര്യങ്ങൾ നമുക്ക് മനസ്സലാക്കിത്തരുന്നു. (1) അല്ലാഹു അല്ലാത്തവരോടുള്ള പ്രാർത്ഥന അവർക്കുള്ള ഇബാദത്താണ്. മുസ്ല്യാക്കന്മാർ കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിച്ചിട്ടു കാര്യമില്ല. (2) അല്ലാഹു അല്ലാത്തവരോടുള്ള പ്രാർത്ഥനക്ക് ഉത്തരം ലഭിക്കില്ല. (3) മഹാത്മാക്കളെ വിളിച്ചു പ്രാർത്ഥിക്കുന്നവരെ ഉയിർത്തെഴുന്നേൽപ് നാളിൽ അവർ തള്ളിപ്പറയും - ശത്രുക്കളാവുകയും ചെയ്യും. ഇതിനേക്കാളും വലിയ ദുര്യോഗം വേറെ എന്തുണ്ട്?

ആളുകളെ ശരിയായ ദൈവവിശ്വാസത്തിലേക്ക് ക്ഷണിക്കുവാൻ വ്യവസ്ഥാപിതമായ മാർഗം വേണം. അമ്പിയാക്കൾ നിർവ്വഹിച്ച ബാധ്യതയായിരുന്നു അത്. പിന്നീട് അവരിൽ വിശ്വസിച്ചവരും അത് നിർവഹിച്ചു. ഇനി നബിമാരുണ്ടാവില്ല. സത്യവിശ്വാസികൾ പ്രസ്തുത ധർമ്മം തുടർന്ന് നടത്തിയേ പറ്റു. വലിയ ജനപിന്തുണയും പൂമാലയും ലഭിച്ചുകൊള്ളണമെന്നില്ല. എങ്കിലും ലോകനാഥൻ ഇഷ്ടപ്പെട്ട് മാർഗമാണത്. ജനങ്ങളുടെ മോക്ഷത്തിന്റെ മാർഗവും അതാണ്. പ്രബോധന പ്രവർത്തനങ്ങളെ അവഗണിക്കുന്നവരും നിന്ദിക്കുന്നവരുമാണ് അധികവും. ഈ പ്രവർത്തനം നീർവീര്യമാക്കാൻ പലതരം കുതന്ത്രങ്ങളും നടക്കുന്നുണ്ട്. എപ്പോഴും തൗഹീദ്, ദഅ്വത്ത് എന്ന് പറഞ്ഞ് നടന്നാൽ മതിയോ? എന്ന ചോദ്യവും അതിന്റെ ഭാഗമാണ്. തൗഹീദ് പ്രബോധനത്തേക്കാൾ ഉത്തമമായ മറ്റൊരു കാര്യമില്ല.

''അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും തീർച്ചയായും ഞാൻ മുസ്ലിംകളുടെ കൂട്ടിത്തിലാകുന്നു എന്ന് പറയുകയും ചെയ്തവനേക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട് (41/33)